# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2649** 12.03.2018-ൽ മറുപടിക്ക്

## നിലമ്പൂർ ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ സംബന്ധിച്ച പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി.അൻവർ** | **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) നിലമ്പൂർ ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ സംബന്ധിച്ച് സർക്കാരിന് എസ്.എം.സി. അംഗങ്ങൾ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ; പരാതി പരിശോധിച്ച് നടപടി എടുത്തിട്ടുണ്ടോ ; ഏത് തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; | (എ) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ എസ്.എം.സി. ചെയർമാൻ ഉൾപ്പെടെ 11 പേർ ഒപ്പിട്ട ഒരു പരാതി ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. ആയത് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അനന്തര നടപടികൾക്കായി നൽകിയിട്ടുമുണ്ട്. ഇതിനു മുൻപുതന്നെ ടി സ്കൂളിലെ എസ്.എം.സി. ചെയർമാൻ ശ്രീ. കെ.പി. സന്തോഷ് നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി 11.10.2017 ന് നൽകിയിട്ടുണ്ടായിരുന്നു. ആയതിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, 15.11.2017 ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു. തുടർന്ന് സ്കൂളിന് ആവശ്യം വേണ്ട കമ്മറ്റികൾ രൂപീകരിക്കാൻ 18.11.2017 ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം പ്രധാന അധ്യാപകനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഹെഡ്മാസ്റ്റർ, എസ്.എം.സി. ചെയർമാനെ തൽസ്ഥാനത്തു നിന്നും നീക്കിയെന്ന് കാണിച്ച് എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ്. കെ.പി. ക്ക് |

കത്ത് നൽകുകയാണുണ്ടായത്. തുടർന്ന് എസ്.എം.സി. ചെയർമാൻ ശ്രീ.സന്തോഷ്. കെ.പി., ടി വിവരം നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കുകയും തർക്കങ്ങൾ ഉടൻ പരിഹരിക്കുവാൻ വേണ്ടി ഹെഡ്മാസ്റ്റർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 23.11.2017-ന് വീണ്ടും കത്ത് നൽകുകയുണ്ടായി. ജനറൽ ബോഡി വിളിച്ചു ചേർത്തതായി ഹെഡ്മാസ്റ്റർ 20.01.2018 ന് എ.ഇ.ഒ. യെ അറിയിച്ചിട്ടുണ്ടെങ്കിലും പ്രശ്നപരിഹാരത്തിന് പര്യാപ്തമായ ഒരു തീരുമാനം ഹെഡ്മാസ്റ്റർ ഇതുവരെ അറിയിച്ചിട്ടില്ല. ഈ വിഷയം വിശദമായി പരിശോധിച്ച് പരിഹരിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കണമെന്ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കർശന നിർദേശം നൽകുന്നതാണ്.

(ബി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ പി.ടി.എ, മദർ പി.ടി.എ, ഉച്ചഭക്ഷണ വിതരണ കമ്മറ്റി, എസ്.എസ്.ജി. എന്നീ കമ്മിറ്റികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് രൂപീകരിക്കാത്തതിന് പ്രാധാനാധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; കമ്മിറ്റി നിലവിലുണ്ടെങ്കിൽ രൂപീകരിച്ച തീയതിയും ആദ്യകമ്മിറ്റിയിൽ പങ്കെടുത്തവരുടെ ഹാജരും മിനിറ്റ്സിന്റെ കോപ്പിയും

(ബി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിൽ പി.ടി.എ. കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എം.പി.ടി.എ. കമ്മിറ്റി 21.12.2017 ന് രൂപീകരിച്ചിട്ടുണ്ട്. 29.06.2017 ന് നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിച്ചതായി എസ്.എം.സി. മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രഥമാധ്യാപകൻ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 9 അംഗങ്ങൾ ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. പങ്കെടുത്തവരുടെ ഹാജരും മിനിറ്റ്സിന്റെ കോപ്പിയും അനുബന്ധം II ആയി ചേർക്കുന്നു.

ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുമായി ബന്ധപ്പെട്ട എല്ലാ ബില്ലിലും വൗച്ചറിലും ഒപ്പിടേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഒപ്പിട്ടത് ആരാണെന്ന് അറിയിക്കാമോ ; നിയമ വിരുദ്ധമായി ഒപ്പ് വച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) സ്കൂളുമായി ബന്ധപ്പെട്ട ബില്ലിലും വൗച്ചറുകളിലും പ്രധാനാദ്ധ്യാപകനും നൂൺ ഫീഡിംഗ് കമ്മിറ്റി ചെയർമാൻ (വരവ് ചെലവ് കണക്കുകൾക്ക്) എന്നിവരാണ് ഒപ്പിടേണ്ടത്. ബില്ലിൽ ഒപ്പിട്ടിരിക്കുന്നത് പ്രധാനാധ്യാപകനാണ്. നിയമവിരുദ്ധമായി ഒപ്പ് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സ്കൂൾ പ്രധാനാധ്യാപകനെതിരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഏതൊക്കെ വിഷയത്തിലാണെന്ന് വ്യക്തമാക്കാമോ ; നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

(ഡി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ എസ്.എം.സി. ചെയർമാൻ ഉൾപ്പെടെ 11 പേർ ഒപ്പിട്ട ഒരു പരാതിയിൽ സ്കൂൾ പ്രധാന അധ്യാപകനെതിരെ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഈ ആരോപണങ്ങൾ പരിശോധിക്കുവാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്